**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 932** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപണികളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. വിൻസെന്റ്

ശ്രീമതി കെ. കെ. രമ

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. വി. ടി. സൂരജ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ എല്ലാ റോഡുകളും ബി.എം. & ബി.സി. നിലവാരത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ ;

**<u>മറുപടി:</u>** സംസ്ഥാനത്തെ എല്ലാ റോഡുകളും ഘട്ടം ഘട്ടമായി BM & BC നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**(ബി)** തിരക്കേറിയ സ്ഥലങ്ങളിൽ ഫ്ലൈഓവറുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;അറിയിക്കുമോ ;

**<u>മറുപടി:</u>** സാധ്യതപഠനം നടത്തി ഫ്ലൈഓവറുകൾ അഭികാമ്യമാണ് എന്ന് കണ്ടെത്തുന്ന സ്ഥലങ്ങളിൽ ഫ്ലൈഓവറുകൾ പ്രൊപ്പോസ് ചെയ്യാറുണ്ട്. നിലവിൽ 4 ഫ്ലൈഓവറുകളുടെ പ്രവൃത്തികൾ നടന്നു വരുന്നു. തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂട് ഫ്ലൈ ഓവർ (FS തുക 25.03 Cr), കരകുളം ഫ്ലൈ ഓവർ (FS തുക 69.27 Cr), എറണാകുളം ജില്ലയിലെ വൈറ്റില ഫ്ലൈ ഓവർ (FS തുക 86.34), പത്തനംതിട്ട ജില്ലയിലെ അബാൻ ഫ്ലൈ ഓവർ (FS തുക 46. 80 cr) എന്നിവയാണ് ഇത്തരത്തിൽ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ.

**(സി)** മഴക്കാലത്തുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും റോഡുകളിലെ വാഹനഗതാഗതം തടസ്സപ്പെടാതെ സുഗമമാക്കുന്നതിനും സ്ഥിരവും ഫലപ്രദവുമായ പരിഹാരമാർഗ്ഗങ്ങൾക്ക് നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ ;

**<u>മറുപടി:</u>** മഴക്കാലത്ത് ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും റോഡുകളിലെ വാഹനഗതാഗതം തടസ്സപ്പെടാതെ സുഗമമാക്കുന്നതിനുമായി ആവശ്യമായ സ്ഥലങ്ങളിലും ടൗണുകളിലും പ്രധാന ജംഗ്ഷനുകളിലും ഓടകൾ, കലുങ്കുകൾ,ചപ്പാത്തുകൾ എന്നിവയുടെ നിർമ്മാണവും നിലവിലുള്ള ഓടകളുടെ

ശുചീകരണവും ഉൾപ്പെടെയുള്ള ശാസ്ത്രീയമായ നടപടികൾ പ്രോജക്ടുകളിൽ ഉൾപ്പെടുത്താറുണ്ട്. കൂടാതെ മൺസൂൺ സീസണുകൾക്കു മുന്നെയായി പ്രത്യേക പ്രിമൺസൂൺ പ്രവൃത്തികൾ, റെക്ടിഫിക്കേഷൻ

പ്രവൃത്തികൾ എന്നിവയും അടിയന്തിരമായി നടപ്പിലാക്കി വരുന്നുണ്ട്.

**(ഡി)** റോഡുകളുടെ അറ്റകുറ്റപണികൾ,വിവിധ ആവശ്യങ്ങൾക്കായി പൊളിക്കുന്ന റോഡുകളുടെ പുനർനിർമ്മാണം എന്നിവ യഥാസമയം നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** റോഡുകളുടെ അറ്റകുറ്റപ്പണികൾ DLP നിലവിലുള്ള റോഡുകളിൽ അതാത് കരാറുകാരെ കൊണ്ട് സ്വന്തം ചിലവിൽ ചെയ്യിക്കുകയും അല്ലാത്ത പക്ഷം റണ്ണിംഗ് കോൺട്രാക്റ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് സഞ്ചാരയോഗ്യമാക്കുകയും ചെയ്യുന്നു.റണ്ണിംഗ് കോൺടാക്ക് മുഖേന സഞ്ചാര യോഗ്യമാക്കാൻ കഴിയാത്തത്ര ശോചനീയമായ റോഡുകളിൽ ബഡ്ജറ്റ് മുഖേന തുക അനുവദിച്ചോ പ്രത്യക ഫണ്ട് അനുവദിക്കുന്ന മുറക്കോ പ്രവൃത്തി ക്രമീകരിച്ച് റോഡ് സഞ്ചാരയോഗ്യമാക്കി നിലനിർത്തുന്നു. ജല അതോറിറ്റി പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് റോഡുകൾ കുഴിക്കുന്നതും പുനഃസ്ഥാപിക്കുന്നതും സംബന്ധിച്ചുള്ള പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ GO(Ms) No. 11/2023/PWD_ dated 14.02.2023, 49/2023/PWD dated 14.09.2023 പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റ് വകുപ്പുകളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും Right of way(RoW) എന്ന Online സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്തു വിഭാഗത്തിനു കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ / ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല Infrastructure Co-Ordination committee, ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിംഗുകളിൽ റോഡ് പൂർവ്വ സ്ഥിതിയിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തി വരുന്നു. റണ്ണിംഗ് കോൺട്രാക്ട് ,പ്രിമൺസൂൺ പ്രവൃത്തികൾ യഥാസമയം സർക്കാർ ഉത്തരവുകൾ പ്രകാരം ഇൻസ്പെക്ഷൻ ടീമിനെ നിശ്ചയിക്കുകയും സമയബന്ധിതമായി ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തുവരുന്നു. നിലവിൽ അറ്റകുറ്റപ്പണികളും, റോഡുകളുടെ പുനർ നിർമ്മാണം സംബന്ധിച്ചും സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നുണ്ട്. KIIFB-ധന സഹായത്തോടെയുള്ള നിരത്തുകളുടെയും/ പാലങ്ങളുടെയും നിർമ്മാണ./പുനരുദ്ധാരണ പ്രവൃത്തികളാണ് KRFB - PMU മുഖേന നടപ്പിലാക്കി വരുന്നത്. നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാം തന്നെ IRC, MORTH, Environmental Protection Act, Kerala PWD manual, Kerala PWD Quality Manual, Kerala PWD Laboratory Manual, IS Codes എന്നിവയിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കു പുറമെ KIIFB -യുടെ മാനദണ്ഡങ്ങൾക്കും മേൽനോട്ടത്തിലുമാണ് നടപ്പിലാക്കുന്നത്. നടപ്പിലാക്കിയ അറ്റകുറ്റപ്പണികൾ എല്ലാം കൃത്യമായ നിലവാരം പുലർത്തിയാണ് ചെയ്തിട്ടുള്ളത്. നിലവിൽ എല്ലാ പ്രവൃത്തികൾക്കും പൂർത്തീകരണത്തിന് ശേഷം മൂന്ന് മുതൽ അഞ്ചു വർഷത്തെ നിശ്ചിത ഡി.എൽ.പി (ഡിഫെക്ട് ലയബിലിറ്റി പിരീഡ്) കരാർ ഉടമ്പടിയിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പരിപാലന കാലാവധിക്കുള്ളിൽ (DLP ) റോഡുകൾക്ക് ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങളോ നിർമ്മാണ വൈകല്യങ്ങളോ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ, ആയത് ബന്ധപ്പെട്ട കരാറുകാരന്റെ സ്വന്തം ചെലവിൽ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തകരാറുകൾ പരിഹരിക്കാൻ കരാറുകാരൻ തയ്യാറാകാത്ത പക്ഷം ശക്തമായ നിയമനടപടികൾ സ്വീകരിക്കാൻ എഗ്രിമെന്റ് പ്രകാരം അതോറിറ്റിക്ക് പൂർണ്ണ അധികാരമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. KSEB, KWA, ടെലികോം കമ്പനികൾ തുടങ്ങിയ വിവിധ ഏജൻസികൾ മറ്റ് ആവശ്യങ്ങൾക്കായി റോഡ് പൊളിക്കുമ്പോൾ, റോഡ് Restoration പ്രസ്തുത ഏജൻസികൾ തന്നെ നേരിട്ടോ അല്ലെങ്കിൽ റോഡ്

പ്രവൃത്തിയുടെ കരാറുകാരൻ മുഖേനയോ സമയബന്ധിതമായി നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. പ്രസ്തുത ഏജൻസികൾ യഥാസമയം റോഡ് പുനഃസ്ഥാപനം നടത്താത്ത പക്ഷം സെക്യൂരിറ്റി തുക കണ്ടുകെട്ടുന്നതിനും പിഴ ഈടാക്കി റോഡ് പുനർനിർമ്മാണം പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.റോഡ്സ് & ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മുഖേന പൂർത്തീകരിച്ച റോഡുകളുടെ DLP കഴിയുന്നത് വരെ അറ്റകുറ്റപണികൾ, വിവിധ ആവശ്യങ്ങൾക്കായി പൊളിക്കുന്നവ, പുനർനിർമ്മാണം എന്നിവ യഥാസമയം സൈറ്റ് ഇൻസ്പെക്ഷൻ നടത്തി, പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

## Annexure- 5 ദേശീയ പാത വിഭാഗം

| Sl.no. | Name of Works | AS No/ amount |
|---|---|---|
| 1 | Performance based maintenance between km 89.10 to km 103.20 of NH 183 A | Job No .NH-183 A-KL-2023-24- PBMC-02 Rs: 1003.83L |
| 2 | "Performance BasedMaintenance Contract(PBMC) from km72/700 to Km 74/700""& Km 126/700 tokm""160/00 of NH 183 under PBMCmaintenance plan 2025-26" | Job No . NH-183-KL-2025-26- PBMC-05 Rs:3127.69 L |
| 3 | "GENERAL-NH 183A- Urgent Reconstruction-of the Old Damaged Retaining wall at km 89/500 -General Civil Work" | AS/59E/25/46675 Dated: 14-10-2025, Rs.22,40,000/- |
| 4 | GENERAL-NH 183-Paigana Bridge at km158/000-Urgent Foundation ProtectionWorks.-General CivilWork | AS/59E/25/45194 Dated: 01- 09 2025, Rs:16,20,000.00/- |
| 5 | "GENERAL-NH 183A- Foot Bridge- Construction of Steel Foot bridge at km 97/200 RHS in Mukkuttuthara Town.-General Civil Work" | Order No.: AS/59E/2 4/39089 Dated: 21-11-2024, Rs:11Lakh |